(സി) പഞ്ചായത്തിരാജ് നിയമമനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പും നിയന്ത്രണവും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്.

(ഡി) നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

178 (1782) ട്രീറ്റ്മെന്റ് ഓർഗനൈസർമാർ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ ട്രീറ്റ്മെന്റ് ഓർഗനൈസർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) എത്ര ട്രീറ്റ്മെന്റ് ഓർഗനേസർമാരെയാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത നിയമനം എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ച് പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി)-(സി) ജില്ലയിൽ ട്രീറ്റ്മെന്റ് ഓർഗനൈസർമാരുടെ ഒഴിവുകൾ ഇപ്പോൾ നിലവിലില്ല.

179 (1783) "പാമ്പാടി ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി"

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ പാമ്പാടി ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിവേദനം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(സി) പാമ്പാടി ഗവൺമെന്റ് ആശുപത്രിയിൽ പുതിയ വാർഡ് പണിയുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) തോട്ടയ്ക്കാട് ഗവൺമെന്റ് ആശുപത്രിയിൽ പുതിയ വാർഡ് പണിയുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) ലഭിച്ചിട്ടുണ്ട്. നിവേദനം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. പുതിയ വാർഡ് പണിയുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly